**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3550** **08.11.2019 ൽമറുപടിയ്ക്ക്**

**വാഹന പരിശോധന ഏകീകൃതവും കാര്യക്ഷമവുമാക്കുന്നതിന് നടപടി**

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം<br>,, എൻ. വിജയൻ പിള്ള<br>,, ആന്റണി ജോൺ<br>,, എം. മുകേഷ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വാഹന പരിശോധന ഏകീകൃതവും സുതാര്യവുമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | സംസ്ഥാനത്ത് ഏകീകൃതവും സുതാര്യവുമായ വാഹന പരിശോധന ഉറപ്പാക്കുന്നതിനായി എല്ലാ ആർടിഒ/സബ് ആർടിഒ ഓഫീസുകളിലും കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. നിലവിൽ കണ്ണൂർ, കോഴിക്കോട്, മൂവാറ്റുപുഴ, തിരുവനന്തപുരം, പാറശ്ശാല, ഉഴവൂർ എന്നിവിടങ്ങളിൽ കമ്പ്യൂട്ടർവൽകൃത വാഹന പരിശോധന കേന്ദ്രങ്ങളും, ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കും പ്രവർത്തിക്കുന്നുണ്ട്.<br>എല്ലാ സംസ്ഥാനങ്ങളിലും ഓരോ മാതൃക ഇൻസ്പെക്ഷൻ ആന്റ് ടൈപ്പ് അപ്രൂവൽ സെർട്ടിഫിക്കേഷൻ കേന്ദ്രം (വാഹനങ്ങളുടെ) സ്ഥാപിക്കുവാനുള്ള കേന്ദ്ര പദ്ധതി പ്രകാരം മട്ടാഞ്ചേരിയിൽ പ്രസ്തുത കേന്ദ്രം സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ തളിപ്പറമ്പ്, കാസർഗോഡ്, എടപ്പാൾ, തൃപ്പൂണിത്തുറ എന്നിവിട ങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) | എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും കമ്പ്യൂട്ടർ വൽകൃത വാഹന പരിശോധനാ കേന്ദ്രവും ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | | |
| (സി) | മോട്ടോർ വാഹന നിയമം ലംഘിച്ചും അമിത വേഗതയിലും അശ്രദ്ധ മായും വാഹനങ്ങൾ ഓടിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തെന്ന് വിശദമാക്കുമോ? | (സി) | മോട്ടോർ വാഹന വകുപ്പ് അമിതവേഗത, അശ്രദ്ധമായ ഡ്രൈവിംഗ് എന്നിവ തടയുന്നതിനായി സേഫ് കേരള പദ്ധതി പ്രകാരം 24 മണിക്കൂറും പ്രവർത്തിക്കുന്ന 85 സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. അമിതവേഗത കണ്ടെത്തു ന്നതിനായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. മദ്യപിച്ച് വാഹനമോടിക്കുക, അമിത വേഗത, ഓവർലോഡ്, മൊബൈൽ ഉപയോഗിച്ചു കൊണ്ട് വാഹനമോടിക്കുക എന്നീ കുറ്റങ്ങൾ ചെയ്യുന്നവർക്കെതിരെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനായി പൊതുജന പങ്കാളിത്തത്തോടെ 'Third Eye' പദ്ധതി നടപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**